"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സർക്കാരിന്റെ 'വിംഗ്സ്' പദ്ധതി പ്രകാരം തിരുവനന്തപുരം രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ കൊമേഴ്സ്യൽ പൈലറ്റ് ട്രെയിനിംഗ് കോഴ്സിന് പഠിക്കുന്ന ശ്രീ.അതുൽദേവിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.106/2025/BCDD തീയതി,തിരുവനന്തപുരം, 31-10-2025

---

പരാമർശം:-
1) സ.ഉ(സാധാ)നം.458/2011/പജപവവിവ തീയതി.12.05.2011.
2) സ.ഉ(സാധാ)നം.52/2022/പിവിവിവ തീയതി.19.05.2022.
3) 27.12.2022-ലെ സ.ഉ(കൈ)നം.56/2022/SCSTDD ഉത്തരവ്
4) ശ്രീ അതുൽ ദേവ് 23.10.2024-ൽ സമർപ്പിച്ച അപേക്ഷ
5) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 15.10.2024-ലെ BCDIR/566/2019-B2 നമ്പർ കത്ത്.
6) രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി സെക്രട്ടറിയുടെ 19.05.2025 തീയതിയിലെ 1044/A/2015/RAGAAT നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ പൈലറ്റ് ട്രെയിനിംഗ് കോഴ്സിന് ഓരോ ബാച്ചിനും മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന ഒരു മറ്റർഹ വിഭാഗം വിദ്യാർത്ഥിയ്ക്ക് ഫീസ് ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു.

പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ പൈലറ്റ് ട്രെയിനിംഗ് കോഴ്സിന് പഠിച്ചിരുന്ന ശ്രീ.അതുൽ ദേവിന് 2015-16 ബാച്ചിൽ ഉൾപ്പെടുത്തി കോഴ്സ് ഫീസ് മാത്രം അനുവദിച്ച് ഉത്തരവായിരുന്നു.

സർക്കാരിന്റെ 'വിംഗ്സ്' പദ്ധതി പ്രകാരം തിരുവനന്തപുരം രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ കൊമേഴ്സ്യൽ പൈലറ്റ് ട്രെയിനിംഗ് കോഴ്സിന് ഓരോ ബാച്ചിലും മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന ഒരു മറ്റർഹ വിഭാഗം (ഒ.ഇ.സി) വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

തിരുവനന്തപുരം രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിലെ 2015-16 ബാച്ചിലെ കൊമേഴ്സ്യൽ പൈലറ്റ് ട്രെയിനിയായ ശ്രീ.അതുൽ ദേവ്, തനിക്ക് 'വിംഗ്സ്' പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച് നല്കണമെന്ന് പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ആയതിനെതുടർന്ന് തിരുവനന്തപുരം രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ 'വിംഗ്സ്' പദ്ധതി പ്രകാരം പരിശീലനം നടത്തുന്ന ഒ.ഇ.സി വിദ്യാർത്ഥികളുടെ പറക്കൽ പരിശീലനത്തിന്, അതത് സമയത്തെ വർദ്ധിപ്പിച്ച നിരക്കിലുള്ള ഫീസ് നൽകേണ്ടതായി വരുന്നുവെന്നും, 2015-16 ബാച്ചിലെ കൊമേഴ്സ്യൽ പൈലറ്റ് ട്രെയിനിയായ ശ്രീ.അതുൽ ദേവിന് രണ്ട് ഗഡുക്കളായി ഇതിനകം 10,15,000/- രൂപ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുണ്ടെന്നും, ടിയാൾ ആകെയുള്ള 200 മണിക്കൂർ പരിശീലനത്തിൽ, നാളിതുവരെ 70:40 മണിക്കൂർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ടെന്നും പരാമർശം (5) പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

കൂടാതെ 2015 ബാച്ചിലെ വിദ്യാർത്ഥിയായ ശ്രീ. അതുൽ ദേവിന് സ്കോളർഷിപ്പ് തുക അനുവദിക്കുവാൻ വൈകുന്നത്, ടിയാന്റെ പറക്കൽ പരിശീലനം പൂർത്തീകരിക്കുന്നതിനും, ആയത് എയർലൈനിൽ ജോലി ലഭിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുമെന്നും അതിനാൽ ടിയാന്റെ ബാക്കി ലഭിക്കുവാനുള്ള പഠനാനുകൂല്യം എത്രയും വേഗം അനുവദിക്കണമെന്നും പരാമർശം (6)ലെ കത്ത് പ്രകാരം രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിലെ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന്റെ 'വിംഗ്സ്' പദ്ധതി പ്രകാരം തിരുവനന്തപുരം രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ 2015-16 ബാച്ചിലെ കൊമേഴ്സ്യൽ പൈലറ്റ് ട്രെയിനിംഗ് കോഴ്സ് വിദ്യാർത്ഥിയായ ശ്രീ.അതുൽ ദേവിന്, 6 മാസക്കാലയളവിനുള്ളിൽ ട്രെയിനിംഗ് കോഴ്സ് പൂർത്തീകരിക്കണമെന്ന നിബന്ധനയോടെ കോഴ്സ് ഫീസ് ഫണ്ട് റിലീസ് വ്യവസ്ഥകൾ പാലിച്ചു കൊണ്ട് അനുവദിക്കുന്നതിന് പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു. കൂടാതെ ശ്രീ.അതുൽ ദേവ് നിർദ്ദിഷ്ട കാലയളവിനുള്ളിൽ പ്രസ്തുത കോഴ്സ് പൂർത്തീകരിക്കുമെന്ന കാര്യം രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ അക്കാദമി ഉറപ്പുവരുത്തേണ്ടതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VALSALA S D
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്,വെള്ളയമ്പലം,തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,നന്ദാവനം,തിരുവനന്തപുരം.
സെക്രട്ടറി, രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി, തിരുവനന്തപുരം 695 007.
ശ്രീ.അതുൽ ദേവ്, S/o ദേവാനന്ദ്,പാറയിൽ ഹൗസ്, ബീവി റോഡ്, പഴയങ്ങാടി പി.ഒ, കണ്ണൂർ 670 358.
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ജി&എസ്.എസ്.എ),കേരള,തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, വിവരപൊതുജനസമ്പർക്കവകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Niza A
Date: 03-11-2025 10:58:04

പകർപ്പ്-ബഹു.പിന്നാക്കവിഭാഗവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്